





# എന്തുചെയ്യണം?

## അഹിംസാത്മക വികസനത്തിലെ വിവിധ വിഷയങ്ങൾ




കോർപ്പറേറ്റുകൾ നിയന്ത്രിക്കുന്ന വികസനത്തിൽ ആദിവാസികളും ദളിതരും എപ്പോഴും പിന്നിലാവും. ആ വികസനത്തിന്റെ ദിശതന്നെ മാറിയാൽ ഇപ്പോൾ പിന്നിലുള്ളവർ മുന്നിലുമാവും.

**അഹിംസാത്മകവികസനത്തിലേക്ക്**
**ഒരു നിർമ്മാണാത്മകപരിപാടി(Constructive Programme)**
**തയ്യാറാക്കി ജനങ്ങളെ നയിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്.**
ഭക്ഷണം, കൃഷി, നിർമ്മാണം, ആരോഗ്യം, വിദ്യാഭ്യാസം,
നിയമം, ഭരണം, സമരം, തുടങ്ങി എല്ലാ മേഖലകളിലും
നിലവിൽ വിശ്വാസയോഗ്യമായി പ്രവർത്തിക്കുന്നവരുടെ
വിലയേറിയ സഹകരണവും ഒത്തൊരുമയും
കാലം ആവശ്യപ്പെടുന്നു.

അറിയാതെയെങ്കിലും എന്തെങ്കിലും മണ്ടത്തരം ഞാനിതിൽ
പറഞ്ഞതായി തോന്നിയെങ്കിൽ ചൂണ്ടിക്കാട്ടാൻ മടിവേണ്ട.
**ഇതിൽ പറഞ്ഞ ഓരോ കാര്യങ്ങളിലും യോജിച്ച്**
**പ്രവർത്തിക്കാനും ഇതിൽ പറഞ്ഞ കാര്യങ്ങൾപ്പുറം ചർച്ചകൾ**
**ആവശ്യമെങ്കിൽ വിളിക്കാനും മടിക്കേണ്ട.**

ശരികളറിയുന്നവരുടെ മൗനം വെടിയാൻ
ഈ കുറിപ്പ് പ്രചോദനമാകുമെന്ന പ്രതീക്ഷയിൽ

# സമർപ്പണം

അക്ഷരങ്ങളുടെ  ലോകത്തിലല്ലാത്തവർക്ക്,
സത്യമായിരിക്കുന്നവർക്ക്.

വാക്കുകൾക്ക്
സ്ഥല-കാല-സ്വര ഭേദങ്ങൾക്കനുസരിച്ച്
അർത്ഥവ്യത്യാസങ്ങൾ ഉണ്ടാവാം.

അക്ഷരങ്ങൾ നുണപറയും,
ജീവിതങ്ങൾ ഇല്ല.

ഒരു കാഴ്ചപ്പാട്
നമ്മുടെ ജീവിതം മാറ്റിമറിക്കും -
**അഹിംസ!**

# അഹിംസാത്മക വികസനത്തിലെ വിവിധ വിഷയങ്ങൾ

# വികസനം

## വികസനം അന്ധവിശ്വാസമാകരുത്.

മനുഷ്യർക്കും പ്രകൃതിക്കും ഇണങ്ങുന്നതാവണം

എടുക്കുന്നതും കൊടുക്കുന്നതും തമ്മിൽ ബാലൻസ് വേണം.

നീതിപൂർവ്വമാവണം.


എല്ലാവരും സംതൃപ്തരാവണം

എല്ലാവർക്കും ആരോഗ്യമുണ്ടാവണം.


ഓരോരുത്തരും നിൽക്കുന്നയിടങ്ങൾ വ്യത്യസ്തമാണ്. അത് തിരിച്ചറിഞ്ഞ്, അതാതിടങ്ങളിൽനിന്ന്

**ഹിംസയിൽനിന്നും അഹിംസയിലേക്കുള്ള യാത്രയാവണം വികസനം.**

# നിങ്ങൾ തെരഞ്ഞെടുക്കുന്നത് ഏതു വികസനം?




വികസനം 1




വികസനം 2

# <u>ഭരണം, നിയമം</u>

# ആരും ആരെയും ഭരിക്കാത്ത ലോകമാണ് നല്ലത്.

**ഭരിക്കുന്നതിനേക്കാൾ വേണ്ടത് നയിക്കലാണ്.**

എല്ലാം തികഞ്ഞ ആരുമില്ലാത്തതിനാൽ
ഓരോ രംഗത്തും അറിവുള്ളവർ വേണം
അതാത് മേഖലകൾ നയിക്കാൻ.

ആരും ആരെക്കാളും മേലെയും താഴെയുമല്ല.
പ്രപഞ്ചത്തിൽ പുല്ലിനും മാമരത്തിനും
ഒരുപോലെ സ്ഥാനമുണ്ട്.
**എല്ലാം പരസ്പരം ബന്ധപ്പെട്ടതുമാണ്.**

# ഏകലോകം, ഏകഭരണം ഹിംസയാണ്.

കേന്ദ്രീകൃതഭരണം ഗാന്ധിയുടേതായാൽപോലും ഹിംസയാണ്.
ഓരോ ദേശത്തും കാലാവസ്ഥയിലും ഓരോ ശരികളുണ്ട്.
ഇത് മനസ്സിലാക്കാതെ ഏകീകൃതമായി അടിച്ചേൽപ്പിക്കുന്ന
ഭരണം/വികസനം/ പരിഹാരങ്ങൾ/മരുന്നുകൾ സൂക്ഷിക്കുക.

നിയമം മനുഷ്യനുവേണ്ടിയാവണം. അതിന് കണ്ണുണ്ടാവണം.

## വ്യക്തികളേക്കാൾ ആശയങ്ങളാണ് നയിക്കേണ്ടത്.

**സ്നേഹത്താൽ നയിക്കുന്നവർ ജയിക്കുന്നു.**

# തെരഞ്ഞെടുപ്പ്

ജീവിതത്തിലെ ഓരോ കാര്യത്തിലും നമ്മൾ നടത്തുന്ന തെരഞ്ഞെടുപ്പുകളാണ് നമ്മുടെ ഭാവി നിർണ്ണയിക്കുന്നത്. എന്തുപഠിക്കണം, എന്തുജോലി ചെയ്യണം, എങ്ങനെ കല്യാണം കഴിക്കണം, എങ്ങനെ വീട് വെക്കണം എന്ത് ഭക്ഷണം കഴിക്കണം എന്നൊക്കെയുള്ള തെരഞ്ഞെടുപ്പുകൾ.

**തെരഞ്ഞെടുപ്പ് ജനങ്ങളെ ഭിന്നിപ്പിച്ചുനിർത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നു. തോറ്റവരുടെ ശബ്ദവും കേൾക്കുന്ന രീതിയിൽ അത് പുനർനിർണയിക്കണം.**

•നിയമസഭയിൽ, ജനസംഖ്യാനുപാതികമായി വനിതകൾ, ആദിവാസികൾ, മതങ്ങൾ, ജാതികൾ തുടങ്ങി എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യം നിയമം മൂലം ഉറപ്പാക്കണം. 50% സ്ത്രീകൾ ഉദാഹരണം. അഥവാ ആദിവാസികൾക്ക് ഈ നിയമസഭയിൽ താൽപര്യമില്ലെങ്കിൽ അവരുടെ മേഖലയിൽ തീരുമാനങ്ങളെടുക്കാൻ (അതിക്രമിച്ച് "വികസനം" നടത്താൻ) ഈ സഭയ്ക്ക് അനുമതി ഉണ്ടാവരുത്.

•ഓരോ മണ്ഡലങ്ങളിലെയും വിജയവും തോൽവിയും നിയമസഭയിലെ അംഗങ്ങളെ നേരിട്ട് തീരുമാനിക്കുന്ന നിലവിലെ അവസ്ഥ മാറ്റി ആകെ കിട്ടിയ വോട്ടിന് ആനുപാതികമായി വേണം നിയമസഭയിലെ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെടേണ്ടത്. ഒരു വോട്ടുപോലും പാഴാവില്ല എന്നതും വ്യക്തികളേക്കാൾ ആശയങ്ങൾക്ക് പ്രാധാന്യം കിട്ടുമെന്നതുമാണ് ഈ മോഡലിന്റെ ഗുണം.

•ഭരണപക്ഷം-പ്രതിപക്ഷം ഭേദമില്ലാതെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഒരുമിച്ചുവേണം ഭരിക്കാൻ. മുന്നണി സംവിധാനം പോലെ, കിട്ടിയ സീറ്റുകൾക്കനുസരിച്ച് കഴിവുള്ളവരെ മന്ത്രിമാരാക്കാം. സഭയിലെ ഓരോ തീരുമാനവും അംഗങ്ങളുടെ വോട്ടിനുശേഷമേ നടപ്പാക്കാവൂ. ഇത് മന്ത്രിമാരുടെ പ്രാധാന്യം കുറയ്ക്കും. അഞ്ചുവർഷം കൂടുമ്പോൾ അനാവശ്യമായി ആരോപണങ്ങൾ ഉന്നയിക്കുന്നത് കുറയ്ക്കും. സമൂഹത്തിൽ വെറുപ്പ് കുറയും. സമാധാനം പുലരും.

# പണം

പണം ഒരുപാധിയാണ്. കേന്ദ്രീകൃതഭരണത്തിന്റെ പ്രതീകമാണ്. **അതില്ലാത്തതാണ് നല്ലത്. എന്നാൽ അതിനെ അവഗണിക്കരുത്.**

പണമുള്ള മനുഷ്യർ നിയന്ത്രിക്കുന്ന ലോകത്ത് പണമില്ലാത്ത ലോകത്തുജീവിക്കുന്ന മൃഗങ്ങളും ആദിവാസികളെപ്പോലെയുള്ള മറ്റു മനുഷ്യർ തന്നെയും കഷ്ടപ്പെടില്ല എന്നുറപ്പുവരുത്തണം. (ഉദാഹരണത്തിന് കുടിവെള്ളമെല്ലാം കുപ്പിയിലായാൽ എന്തുചെയ്യുമെന്നാലോചിക്കുക.)

**പണം മനുഷ്യനുവേണ്ടിയാവണം,**
**മനുഷ്യൻ പണത്തിനുവേണ്ടിയാവരുത്.**

പണം നമ്മെ നിയന്ത്രിക്കാതെ സൂക്ഷിക്കുക.
നാം പണത്തെ നിയന്ത്രിക്കാൻ പഠിക്കുക.

# സമ്പദ്‌വ്യവസ്ഥ

സാമ്പത്തിക അസമത്വം സൃഷ്ടിക്കുന്ന സാമൂഹ്യവ്യവസ്ഥ തിരുത്തുക.

**വൈറ്റ്കോളർ ജോലികൾക്കുലഭിക്കുന്ന അമിതപ്രാധാന്യം ഒഴിവാക്കുക.**

പണം മനുഷ്യരെ ഭരിക്കാത്ത ലോകം വിഭാവനം ചെയ്യണം.

ലോട്ടറി നേടിയാലേ മര്യാദക്ക് ജീവിക്കാനാവൂ എന്ന സ്ഥിതി മാറ്റണം.

# പങ്കുവെക്കൽ പ്രോത്സാഹിപ്പിക്കുക.

(gift economy)

-വിഭവങ്ങൾ,  പാർപ്പിടങ്ങൾ, ജീവിതങ്ങൾ , സമയം etc.

അധികവായനയ്ക്ക്:
“നിലനിൽപ്പിന്റെ  സമ്പദ്വ്യവസ്ഥ” (ജെ  സി  കുമരപ്പ),
“Sacred Economy”- Charles Eisenstein.

# ഭൂമി അവകാശം

**ഭൂമി പൊതുസ്വത്താണ്.**

ഭൂമി സ്വന്തമാക്കാത്ത ആദിവാസി സംസ്കാരമാണ്
നാളേക്ക് മാതൃക.

**ഓരോ ഭൂമിയെയും അറിയുന്നവർ വേണം അവിടെ നയിക്കാൻ.**

ആദിവാസികളാണ് കാട്ടിൽ നയിക്കേണ്ടത്.
മുക്കുവർ കടലിലും നാട്ടുമനുഷ്യർ നാട്ടിലും.

ആദിവാസികൾക്ക് ഭൂമി നൽകാൻ നാമാര്!
അവരുടെ ഭൂമി കവർന്നെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

# ഭക്ഷണം

**രസിച്ചു ഭക്ഷണം കഴിക്കുക,**
**രസത്തിനുവേണ്ടി ഭക്ഷണം കഴിക്കരുത്.**

ജീവന്റെ സത്യം വിശപ്പാണ്.

## വിശന്നിട്ടേ ഭക്ഷണം കഴിക്കാവൂ.

ഭക്ഷണം എങ്ങനെ ഉണ്ടാക്കുന്നു എന്നതും
എങ്ങനെ നൽകുന്നു എന്നതും
എങ്ങനെ ആഹരിക്കുന്നു എന്നതും പ്രധാനമാണ്.

# ഉള്ള ഭക്ഷണം പങ്കിട്ട് കഴിക്കണം
# ആവശ്യത്തിന് കഴിക്കണം

അമിതമായാൽ അമൃതും വിഷം.

മനുഷ്യർ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത്.
അതുകൊണ്ടുതന്നെ,

# ഭക്ഷണത്തോടൊപ്പം പ്രധാനമാണ് മറ്റുമനുഷ്യരോടും ജീവികളോടും ചുറ്റുപാടുകളോടുമുള്ള ബന്ധം.

**ചെയ്യുന്ന ജോലി**
**ഭക്ഷണത്തേക്കാൾ പ്രധാനമാണ്.**

വേവിക്കാത്ത  ഭക്ഷണമാണ് പ്രകൃതി തരുന്നത്.
അതാണ് ഏറ്റവും അഹിംസാത്മകം.
പക്ഷേ, കാശ്മീരിലെ ആപ്പിൾ കേരളത്തിലെത്തുമ്പോൾ
സംഭവിക്കുന്ന ഹിംസ കാണാതിരിക്കരുത്.

മൃഗപ്പാലും മാംസവും  ഉൾപ്പെടെ
**വേവിച്ച ഭക്ഷണം ശീലങ്ങളുടെ സൃഷ്ടിയാണ്.**

# കൃഷി

**കൃഷിയേക്കാൾ നല്ലത് കാടാണ്. അത് എല്ലാവരുടേതുമാണ്.**

## എന്നാൽ കൃഷിചെയ്യുന്നു എങ്കിൽ പ്രകൃതികൃഷിയാണുത്തമം.

ഓരോ ഭൂമിയെയും അറിഞ്ഞ്, ലാഭേച്ഛയില്ലാതെ ആവശ്യത്തിനുമാത്രം എടുക്കുകയും നൽകുകയും ചെയ്യുന്ന കൃഷി.

# ഭൂമിയെ അറിയുന്നവർ വേണം കൃഷി എന്താവണം എന്ന് നിശ്ചയിക്കാൻ.

കച്ചവടം മാത്രമറിയുന്നവർ കൃഷിചെയ്താൽ ആദ്യം മണ്ണുനശിപ്പിക്കുന്ന കൃഷിചെയ്യും, പിന്നെ മണ്ണുവിൽക്കും, പിന്നെ പാറയും.

**മലഞ്ചെരുവിൽ വേരുകളില്ലാത്ത ചെടികൾ കൃഷിചെയ്താൽ ഉരുൾപൊട്ടലുണ്ടാവും.**

**ഏകവിളകളേക്കാൾ നല്ലത് ബഹുവിള കൃഷിയാണ്.** ഭക്ഷ്യവിളകൾ കഴിഞ്ഞേ നാണ്യവിളകൾക്ക് സ്ഥാനമുള്ളൂ.

**മനുഷ്യർ അതിരുകളും വിളകളും നിശ്ചയിച്ച്**
**ഭൂമി/വിഭവങ്ങൾ കയ്യടക്കുന്നതിനാൽ**
**പ്രകൃതിയിൽ അസന്തുലനം ഉണ്ടാവുന്നത് കാണാതിരിക്കരുത്.**

ഭൂമിയും വിഭവങ്ങളും എല്ലാ ജീവജാലങ്ങൾക്കും
ഒരുപോലെ അവകാശപ്പെട്ടതാണ് എന്നതിനാൽ

# വിളവ് പങ്കിടാൻ മടിക്കരുത്.

മൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതിന്
അവരെ മാത്രം കുറ്റം പറയരുത്. സർക്കാർ ഇക്കാര്യത്തിൽ
കൃഷിക്കാരെ സഹായിക്കാൻ ബാധ്യസ്ഥരാണ്.

അധികവായനയ്ക്ക്:

**"ഒറ്റ വൈക്കോൽ വിപ്ലവം"**

- മസനോബു ഫുക്കുവോക്ക

# ആരോഗ്യം

# രോഗം മറ്റൊന്നായി "മാറ്റുന്ന" ആരോഗ്യപ്രവർത്തനം തിരിച്ചറിയുക

**രോഗം വിതക്കുന്നവർ തന്നെ മരുന്നുനല്കുന്നത് പ്രതിരോധിക്കുക.**

ജനത്തിന് ആരോഗ്യമുണ്ടായാൽ തൊഴിൽ നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാതെ ആരോഗ്യം പ്രതീക്ഷിക്കരുത്.

ആരോഗ്യമാണ് ജന്മാവകാശം,
മരുന്നും ആശുപത്രിയുമല്ല.

# ശരിയായ രോഗകാരണം കണ്ടെത്തി ചികിത്സിക്കുക

വിവിധ ആരോഗ്യമാർഗ്ഗങ്ങൾ തമ്മിൽ ആരോഗ്യപരമായ സംവാദങ്ങൾ നടത്തുകയും പൊതുജനങ്ങൾക്ക് ഇഷ്ടമുള്ളത് സ്വീകരിക്കാൻ അവസരമൊരുക്കുകയും ചെയ്യുക.

# രോഗങ്ങൾ മാറ്റുന്നതിൽ നമ്മുടെ കർമ്മങ്ങൾക്കും കാഴ്ചപ്പാടുകൾക്കും പങ്കുണ്ട്.

നമ്മൾ നൽകുന്നത് നമുക്ക് കിട്ടുന്നു.

ഇതിനെ കർമ്മചികിത്സ എന്നുവിളിക്കാം. ആത്മാർത്ഥമായ പ്രാർത്ഥനകളും ഫലം ചെയ്യുന്നുണ്ട്.

**ഒരു കാഴ്ചപ്പാട്**
**നമ്മുടെ ജീവിതം മാറ്റിമറിക്കും - അഹിംസ!**

ഒരു അസുഖം വന്നാൽ
ശരീരത്തിന് സ്വാഭാവിക പ്രതിരോധശേഷി കൈവരാൻ
പ്രകൃതിജീവനം
(വേവിക്കാത്ത ഭക്ഷണം, പ്രകൃതിയോടിണങ്ങിയ ജീവിതം)
സ്വീകരിക്കുന്നത് നന്നായിരിക്കും.

എന്നാൽ എടുത്തുചാട്ടങ്ങൾ അപകടം.

## എല്ലാ മനുഷ്യരും ഒരുപോലെയല്ല.
**നിൽക്കുന്ന ഇടങ്ങളെയും സ്വയവും അറിഞ്ഞ് പാതകൾ തെരഞ്ഞെടുക്കുക.**

# വിദ്യാഭ്യാസം

## പഠിപ്പിക്കുന്നതിനേക്കാൾ നല്ലതാണ് സ്വയം പഠിക്കാൻ അനുവദിക്കുന്നത്.

സ്വയം വളരുന്ന ചെടികൾക്ക്
വളർത്തുന്നവയെക്കാൾ ആരോഗ്യമുണ്ടാവും.

## ചോദ്യങ്ങളെ ഇല്ലാതാക്കുന്ന അധ്യാപനം തിരുത്തുക.
## അത് പാഠമായാലും മതപാഠമായാലും.

# ഒരുകുട്ടിയെ മറ്റൊരു കുട്ടിയുമായി താരതമ്യം ചെയ്യരുത്.

പലവിഷയങ്ങള്‍ പരിചയപ്പെടുത്തുകയും ചോദ്യങ്ങള്‍ക്ക് ഉത്തരം നല്‍കുകയുമാണ് മുതിര്‍ന്നവര്‍ക്ക് ചെയ്യാവുന്ന ഒരേ ഒരു കാര്യം.

**ഓരോരുത്തരുടെയും ഇഷ്ടങ്ങള്‍ക്കനുസരിച്ച് പഠിക്കാനും പഠിപ്പിക്കാനും കഴിയണം.**
സര്‍ട്ടിഫിക്കറ്റുകള്‍ക്കുവേണ്ടി പഠിക്കാന്‍ ഇടവരരുത്.

സ്വാതന്ത്ര്യം ആവശ്യമാണെങ്കിലും അമിതസ്വാതന്ത്ര്യം അപകടം. തങ്ങൾക്കറിയുന്ന തെറ്റും ശരിയും പറഞ്ഞുകൊടുക്കേണ്ട ഉത്തരവാദിത്തം മുതിർന്നവർക്കുണ്ട്, പക്ഷെ പറയുന്നവരുടെ വാക്കും പ്രവർത്തിയും ഒത്തുപോകണം. കാരണം മനുഷ്യർ പൊതുവെയും, കുട്ടികൾ പ്രത്യേകിച്ചും

## വാക്കുകളേക്കാൾ ജീവിതങ്ങളിൽ നിന്നാണ് പഠിക്കുന്നത്.

അങ്ങനെയായാൽ അടിച്ചുപഠിപ്പിക്കേണ്ട ആവശ്യം വരില്ല.

ഹിംസാത്മകഭരണത്തിനാവശ്യമായ
അടിമകളെ വാർത്തെടുക്കുന്ന
ഒരു സമ്പ്രദായമാണ് നിലവിലെ പൊതുവിദ്യാഭ്യാസം.

**ചോദ്യങ്ങളെ നിരുത്സാഹപ്പെടുത്തുന്നതും
പരസ്പരം മത്സരിക്കാൻ പഠിപ്പിക്കുന്നതും
വൈവിധ്യങ്ങളെ അംഗീകരിക്കാത്തതുമായ ഒന്നാണത്.**

പ്രശ്നങ്ങൾ പരിഹരിക്കാനാവുന്ന മനസ്സുകളെ
നിഷ്ക്രിയരാക്കുന്നതാണത്.

അധികവായനയ്ക്ക്:
**“ടോട്ടോച്ചാൻ- ജനാലയ്ക്കരികിലെ വികൃതിക്കുട്ടി”**
- തെത്സുകോ കുറോയാനഗി

# തൊഴിൽ

ഇഷ്ടമില്ലാത്ത തൊഴിലിടങ്ങളിൽ ജീവിതം ഹോമിക്കുന്ന മനുഷ്യർ വിനോദത്തിനുവേണ്ടി വേറെ സമയം കണ്ടെത്തുന്നു. ആശുപത്രികളിൽ തുടങ്ങുകയും ഒടുങ്ങുകയും ചെയ്യുന്നു.

## തൊഴിലായി തോന്നാത്ത തൊഴിലുകൾ വേണം ചെയ്യാൻ.

പാഴായിപ്പോകുന്ന മനുഷ്യോർജ്ജങ്ങൾ ഉപയോഗപ്പെടുത്തണം.
**വയസ്സായവർ അധികപ്പറ്റായ സമൂഹം എന്ന നില മാറി അവരുടെ അറിവും ഊർജ്ജവും സമയവും ഉചിതമായി ഉപയോഗപ്പെടുത്താനാവണം.**

അല്പം സർഗാത്മകതയുള്ളവരെല്ലാം കലാപരിസരത്ത്, പ്രത്യേകിച്ചും സിനിമ-നാടകം, കേന്ദ്രീകരിച്ച സ്ഥിതിയാണ് ഇന്നുള്ളത്.

ജൈവകൃഷിയിൽ ഇപ്പോൾ പലരും ശ്രദ്ധിക്കുന്നതുപോലെ വിദ്യാഭ്യാസം, ആരോഗ്യം, നിർമ്മാണം, ഭരണം, തുടങ്ങി **ജീവിതത്തിന്റെ സമസ്തമേഖലകളിലും നിലവിലെ ഹിംസാത്മകമായ തൊഴിൽ പരിസരത്തുനിന്നും മാറിയുള്ള തൊഴിലവസരങ്ങൾ ഒരുക്കാൻ നമുക്ക് കഴിയണം.**

ഇത്തരത്തിൽ പ്രവർത്തിക്കുന്ന യുവാക്കൾക്ക് ആവശ്യസമയത്ത് പിന്തുണ നല്കാനാവണം.

# <u>നിർമ്മാണം</u>

കെട്ടിടങ്ങൾ മാത്രമല്ല, മനുഷ്യർക്ക് ഉപകാരപ്രദമായ വിവിധ വസ്തുക്കളുടെയും നിർമ്മാണം കലയായിരിക്കണം. മനുഷ്യർക്കും പ്രകൃതിക്കും ഇണങ്ങുന്നതാവണം.

**വിഭവങ്ങളുടെ (മനുഷ്യവിഭവം ഉൾപ്പെടെ) വിവേകപൂർണ്ണമായ ഉപയോഗം സാധ്യമാവണം.**

ഭൂമി നാളേക്കുകൂടി വേണ്ടിയാണെന്ന ബോധ്യം നയിക്കണം.

**പുതുതായി ഒരു കാര്യം നിർമ്മിക്കുന്നതിനുമുമ്പ് രണ്ടുവട്ടം ആലോചിക്കുക.**

കാരണം നമുക്കുചുറ്റും ആവശ്യത്തിലേറെ നിർമ്മിതികൾ ഇപ്പോൾത്തന്നെ ഉണ്ട്. അവ ഉപയോഗപ്പെടുത്താൻ പറ്റുമോ എന്ന് ചിന്തിക്കുക.

**ഇടങ്ങൾ പങ്കുവെക്കുക**

ഓരോ മനുഷ്യരും വ്യത്യസ്തരാണ്
എന്നുമനസ്സിലാക്കി നിർമ്മിക്കുക.

# ആവശ്യത്തിനുവേണ്ടി നിർമ്മിക്കുക, ആഡംബരത്തിനുവേണ്ടിയല്ല.

**ഇന്നലെകളെ മറക്കാത്തതും
നാളെയെ കരുതുന്നതുമായിരിക്കണം
ഇന്നിന്റെ സൃഷ്ടികൾ.**

നിർമ്മിച്ച് നൽകുന്നതിനേക്കാൾ നല്ലത്
സ്വയം നിർമ്മിക്കാൻ അനുവദിക്കുകയാണ്.

മണ്ണ്, മുള, ഓല, പുല്ല് ഇത്തരം പ്രകൃതിസൗഹൃദവസ്തുക്കളാണ് നിർമ്മാണത്തിന് നല്ലതെന്നു പൊതുവെ പറയാമെങ്കിലും ആവശ്യങ്ങൾക്കനുസരിച്ച് മധ്യപാതകൾ സ്വീകരിക്കുന്നത് കൂടുതൽ നന്നാവും.

**സൂര്യപ്രകാശം, വായു തുടങ്ങിയ പ്രകൃതിവിഭവങ്ങളുടെ ഉചിതമായ ഉപയോഗം അനാവശ്യ ഊർജ്ജ ഉപയോഗം കുറയ്ക്കും.**

# വസ്ത്രം

ഗാന്ധിയെപോലെ സ്വദേശി ആവുക എന്നതിലുപരി
**ലോകത്തിന്റെ വൈവിധ്യത്തെ അംഗീകരിക്കുക എന്നതാണ്**
**ഇക്കാര്യത്തിൽ ഏറ്റവും** നല്ലത് എന്നുകരുതുന്നു.
വസ്ത്രമേ ആവശ്യമില്ലാത്ത ദേശങ്ങളും മനുഷ്യരും
ഇന്നും ഉണ്ട് എന്നത് മറക്കാതിരിക്കുക.

# ഉത്പന്നങ്ങൾ

## ഉത്പന്നങ്ങൾ മനുഷ്യർക്കും പ്രകൃതിക്കും ഇണങ്ങുന്നതാവണം.

പ്ലാസ്റ്റിക്ക് പോലെ കാലാകാലം നശിക്കാത്ത വസ്തുക്കൾ കരുതി ഉപയോഗിക്കണം.

## ശാസ്ത്രമേളകളിലും മറ്റും വരുന്ന കുട്ടികളുടെ കണ്ടുപിടുത്തങ്ങൾക്ക് തുടർച്ച കണ്ടെത്തണം.

നമുക്കുവേണ്ട സാധനങ്ങൾ നമുക്കുതന്നെ പരമാവധി നിർമ്മിക്കാനാവണം. കൈത്തൊഴിലുകളും കുടിൽവ്യവസായങ്ങളും നമുക്കുതന്നെ നന്നാക്കാൻ കഴിയുന്ന യന്ത്രങ്ങളും പ്രോത്സാഹിപ്പിക്കണം.

**ജനോപകാരപ്രദമായ വിവിധവസ്തുക്കൾ നിർമ്മിക്കുന്നതിന് വികേന്ദ്രീകൃതമായ ചെറുപണിശാലകൾ നമുക്ക് ആവശ്യമുണ്ട്.**

തേങ്ങപൊതിക്കുന്ന യന്ത്രം പോലെ ചെറുയന്ത്രങ്ങളും ഉപകരണങ്ങളും രൂപകല്പനചെയ്യുന്ന ഇടങ്ങളായി ഇത് മാറണം.

# ഗതാഗതം

കാർ, ബൈക്ക് തുടങ്ങിയ സ്വകാര്യ വാഹനങ്ങളേക്കാൾ
പൊതുസമൂഹത്തിന് ഉചിതമായത്
ബസ്, തീവണ്ടി, ബോട്ട് തുടങ്ങിയ പൊതുഗതാഗതമാർഗ്ഗങ്ങളാണ്.

## സൈക്കിൾ പോലെയുള്ള പ്രകൃതിസൗഹൃദമാർഗ്ഗങ്ങളും ഉചിതം തന്നെ. എന്നാൽ കാൽനടയാത്രക്കാർക്കായിരിക്കണം അതിനേക്കാൾ പരിഗണന.

വാഹനങ്ങൾ പങ്കുവെക്കപ്പെടുന്ന "ലിഫ്റ്റ്" സമ്പ്രദായം
യുവജനങ്ങളിൽ നിന്നും പഠിക്കണം.

# ഊർജ്ജം

ഊർജ്ജത്തിന്റെ ബദൽമാർഗ്ഗങ്ങൾ തേടുന്നവർ ആദ്യം പറയുന്നത് സോളാർ, കാറ്റ്, ഇങ്ങനെ പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ഊർജ്ജമാർഗ്ഗങ്ങളെയാണ് (renewable energy sources).

എന്നാൽ അതിലുമുപരി,

**മനുഷ്യരുടെ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ഊർജ്ജം കണക്കുകൂട്ടാൻ നാം പഠിക്കേണ്ടിയിരിക്കുന്നു,**

കുട്ടികളുടെ ഊർജ്ജം ഒരുദാഹരണം.

ആരോഗ്യമാണ് സമ്പത്തെന്നുകരുതുന്ന ഒരു സമൂഹത്തിൽ ഭൂമിയെ മറന്ന് ചന്ദ്രനിൽ പാർപ്പുറപ്പിക്കേണ്ട ഊർജ്ജം ആവശ്യം വരില്ല. അന്യോന്യം പടപൊരുതാനുള്ള ഊർജ്ജവും വേണ്ടിവരില്ല.

പാവങ്ങളെ കുടിയൊഴിപ്പിച്ച് വഴിയാധാരമാക്കുന്ന വൻകിട ജലവൈദ്യുതപദ്ധതികളും വിനാശകരമായ ആണവമാലിന്യം സൃഷ്ടിക്കുന്ന ആണവോർജ്ജപദ്ധതികളും നിരുത്സാഹപ്പെടുത്തേണ്ടതാണ്.

# <u>ശാസ്ത്രം, സാങ്കേതികവിദ്യ</u>

## ഇവ മനുഷ്യർക്കുവേണ്ടിയാവണം, മനുഷ്യർ അതിനു വേണ്ടിയാവരുത്.

മനുഷ്യർക്ക് അതിന്റെമേൽ നിയന്ത്രണംവേണം.

**സത്യത്തിലേക്കും ആരോഗ്യത്തിലേക്കും നയിക്കുന്ന സാങ്കേതികവിദ്യ നല്ലത്. സത്യത്തെ മറയ്ക്കുന്നത് മോശം.**

ശാസ്ത്രം അന്ധവിശ്വാസമാകരുത്.

# <u>ഇന്റർനെറ്റ്/സോഷ്യൽ മീഡിയ</u>

ഇന്റർനെറ്റ് തരുന്ന അറിവ് പൂർണ്ണമല്ല.

## അതിൽ അഭിരമിക്കരുത്.
## നില്ക്കുന്ന ഇടങ്ങളിലെ യാഥാർഥ്യങ്ങളെ വിസ്മരിക്കുന്നതാവരുത്.

സോഷ്യൽ മീഡിയ കരുതി ഉപയോഗിക്കുക.
അതിന്റെ നിയന്ത്രണം ജനങ്ങളുടെ കയ്യിലല്ല.

**കേന്ദ്രീകൃതമാണ് എന്നതിനാൽ എപ്പോഴും നിക്ഷിപ്തതാല്പര്യക്കാർ ദുരുപയോഗം ചെയ്യാം.**

സ്വയം ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള കഴിവ് കളയാതിരിക്കുക

# <u>കല, വിനോദം</u>

**മനുഷ്യരുടെ എല്ലാ ഇടപെടലുകളും കലയായി മാറേണ്ടതാണ്.**

ജീവിതവുമായി ബന്ധമുള്ള വിനോദങ്ങളാണ് നല്ലത്.

സത്യത്തെ മറയ്ക്കുന്ന കല/വിനോദങ്ങൾ ഒഴിവാക്കുക.
സത്യത്തെ വെളിപ്പെടുത്തുന്നവ പ്രോത്സാഹിപ്പിക്കുക.

മറ്റുള്ളവരെ വേദനിപ്പിച്ച് വിനോദിക്കുന്നത് ശരിയല്ല, അത് പ്രകൃതിയായാലും.

അവനവൻ ആത്മസുഖത്തിനാചരിക്കുന്നവ അപരന് സുഖത്തിനായി വരണമെന്ന് നാരായണഗുരു.

നിർമ്മാണത്തിലും പ്രദർശനത്തിലുമുള്ള വികേന്ദ്രീകൃതസ്വഭാവം കൊണ്ട് സിനിമയേക്കാൾ അഹിംസാത്മകം നാടകമാണ്.

**മൊബൈൽ ഗെയിമുകളിലും പഠിക്കാനുണ്ടെങ്കിലും വെറും കാണികളായി മാറി നിഷ്ക്രിയത്വം ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കണം.**

# മലിനീകരണം

പ്ലാസ്റ്റിക് മലിനീകരണമാണ് ഈ വാക്കുകേൾക്കുമ്പോൾ പെട്ടെന്ന് നമ്മുടെ മനസ്സിൽ ഓടിയെത്തുക. വായു, വെള്ളം, മണ്ണ് ഇവയുടെ മലിനീകരണത്തിനുപുറമേ,

ശബ്ദം, വെളിച്ചം എന്നിവകളിലെ മലിനീകരണവും അപൂർവ്വമായി ചർച്ചചെയ്യപ്പെടുന്നു. അവയെല്ലാം പ്രധാനമായിരിക്കേത്തന്നെ **മനസ്സുകളെ മലിനീകരിക്കുന്നതും നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.**

മതസ്വാതന്ത്ര്യം എന്നപേരിൽ എന്തും പറയാമെന്നും പ്രചരിപ്പിക്കാമെന്നും കരുതുന്നത് തിരുത്തേണ്ടിയിരിക്കുന്നു.

കുട്ടികളിൽ, അവരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാതെ ഇത്തരം ആശയങ്ങൾ കുത്തിവെക്കുന്നത് നിരോധിക്കണം.

# മാലിന്യം(waste)

# സാധാരണക്കാർക്കും കുട്ടികൾക്കും മാലിന്യം എന്ന സങ്കൽപം ഇല്ല.

പാവപ്പെട്ടവരുടെ കലയായ കേടുപാടുകൾ തീർക്കൽ (Repair) വളരെ പ്രധാനപ്പെട്ടതും തിരക്കുപിടിച്ച ആധുനിക മനുഷ്യർ അവഗണിക്കുന്നതുമായ ഒരു പരിഹാരമാണ്. മനുഷ്യരും ജീവജാലങ്ങളും തമ്മിലുള്ള ബന്ധം നിലനിൽക്കുന്ന ഗ്രാമങ്ങളിൽ ഭക്ഷണമോ മറ്റു വസ്തുക്കളോ പാഴാവുന്നില്ല. അന്ധമായ വികസനത്വരയാൽ അത് നശിപ്പിക്കപ്പെടുമ്പോഴാണ് ആധുനിക പരിഹാരങ്ങൾ വേണ്ടിവരുന്നത്.

**തിരക്കാണ് മാലിന്യം സൃഷ്ടിക്കുന്നത്.**

മാലിന്യപ്രശ്നത്തിന് പരക്കെ അംഗീകരിക്കപ്പെടുന്ന മൂന്ന് "R" പരിഹാരത്തിൽ ആദ്യത്തെ,

# തിരസ്കരണം(Refuse) എന്നതിന് വലിയ ബോധവും നിശ്ചയദാർഢ്യവും ആവശ്യമുണ്ട്.

ബദൽ മാർഗ്ഗങ്ങൾ ഇല്ലാതെ തിരസ്കരണം സാധ്യമല്ല.

രണ്ടാമത്തെ,

# പുനരുപയോഗം(Reuse) എന്നത്, സാധാരണക്കാരിൽ നിന്നും പഠിക്കേണ്ട കലയാണ്.

മൂന്നാമത്തേത്,
പുനർചംക്രമണം(Recycle)
തിരക്കുപിടിക്കുന്നവരുടെ പരിഹാരമാണ്.

# മാലിന്യം ഒരു വസ്തുവാണ്. ഓരോ വസ്തുവിനും അതിന്റേതായ ഗുണങ്ങളും ദോഷങ്ങളുമുണ്ട്.

അത് അറിഞ്ഞ് ഉപയോഗപ്പെടുത്തണം.

ഗുണവും ദോഷവുമറിയാത്ത വസ്തുക്കൾ വലിച്ചെറിയാതെ സൂക്ഷിക്കുക,

ഉത്തരം ലഭിക്കുന്നതുവരെ സൂക്ഷിക്കുന്ന ചോദ്യങ്ങളെപ്പോലെ.

അസംഘടിതരായ "പെറുക്കി"കൾക്ക് ശരിയായ വേതനവും ആരോഗ്യപരമായ തൊഴിൽസാഹചര്യങ്ങളും ഉറപ്പുവരുത്തണം.

# കാമം, ലൈംഗികത

വൈവിധ്യമാർന്ന ലൈംഗികതകളുണ്ടായിരുന്ന നാടാണ് നമ്മുടേത്. അത് ഒറ്റ അച്ചിലൊതുക്കിയതിന്റെ പ്രശ്നങ്ങൾ നാം അനുഭവിക്കുന്നു.

സ്നേഹവും കാമവും
രണ്ടും രണ്ടാണ്.

ശക്തികൊണ്ട് രമിക്കരുത്.
അത് ബലാൽസംഗമാണ്.

**അടിച്ചമർത്തുന്ന കാമം അപകടം. അഴിച്ചുവിടുന്നതും.**

## രമിക്കാം,
## അഭിരമിക്കരുത്.

അധികാരദുർവിനിയോഗം ചെയ്യരുത്.

# കുടുംബം, കൂട്ടുജീവിതം

ശരിയായ ദിശയിൽ (അഹിംസാത്മകം)
വികസിക്കണമെന്നാശിക്കുന്നവരുടെ കൂട്ടായ്മകൾ
ലോകത്തിന്റെ പലകോണുകളിലും ഇന്ന് സജീവമാണ്.

പരസ്പരബഹുമാനമുള്ള വ്യക്തികളുടെ കൂട്ടായ്മകൾ
കുടുംബങ്ങളായും കുടുംബങ്ങളുടെ കൂട്ടായ്മകൾ
കമ്യൂണുകളായും വികസിക്കാവുന്നതാണ്.

**കമ്യൂണുകൾക്ക് ശരിയായ ആശയ അടിത്തറ ആവശ്യമുണ്ട്.**

# ശക്തിയല്ല, സ്നേഹമാവണം കുടുംബത്തിനടിസ്ഥാനം

കുടുംബം എന്നത് തടവറയാകരുത്.
എന്നാൽ വ്യക്തിസ്വാതന്ത്ര്യം ചൂഷണമാകരുത്.

**ബന്ധങ്ങളിൽ സ്നേഹവും ഉത്തരവാദിത്തവും കരുണയും ഉണ്ടായിരിക്കണം.**

# സംസ്കാരം, ഭാഷ

ഓരോ ദേശത്തിനും അതാത് മാതൃഭാഷ പോലെ
മാതൃസംസ്കാരവും ആവും നല്ലത്.

## സംസ്കാരങ്ങളെ അനുകരിക്കരുത്. ആവശ്യമുള്ളത്, അറിഞ്ഞ് സ്വാംശീകരിക്കുക.

ഭാഷകൾ സംസ്കാരത്തിന്റെ പ്രതിഫലനങ്ങളാണ്.
ഇംഗ്ലീഷിൽ "സ്നേഹ"ത്തിനും "പ്രേമ"ത്തിനും ഒരേ വാക്കാണ്.
എന്നാൽ മലയാളത്തിൽ അവ രണ്ടാണ്.

ഹിന്ദി എന്ന രാഷ്ട്ര ഭാഷയോടൊപ്പം,
ഇംഗ്ലീഷ് എന്ന ഭരണഭാഷയോടൊപ്പം, നാം പഠിക്കേണ്ടതാണ്
നമ്മുടെ അയൽദേശങ്ങളിലെ ഭാഷകളും സംസ്കാരങ്ങളും.
ലിപികളില്ലാത്ത ആദിവാസി ഭാഷകൾക്കും
നിലനിൽപ്പ് ആവശ്യമാണ്.

# മതം

ആരോഗ്യപരമായ ജീവിതപദ്ധതികളാണ് മതം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെങ്കിൽ അത് ആവശ്യമാണ്. പക്ഷേ

## പറയുന്നതൊന്ന് പ്രവർത്തി വേറൊന്ന് എന്ന നിലയിലുള്ള മതങ്ങളും മനുഷ്യരേക്കാൾ വിഗ്രഹങ്ങൾക്ക് പ്രാധാന്യം നൽകുന്ന മതങ്ങളും ചോദ്യങ്ങളേ ഇല്ലാതെ അനുസരിക്കേണ്ടിവരുന്ന മതങ്ങളും നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ഓരോ മനുഷ്യനും അയാൾക്കിഷ്ടമുള്ള മതം സ്വീകരിക്കാൻ അവകാശമുണ്ടെങ്കിലും പൊതുഇടങ്ങളിൽ പലവിധ മതങ്ങൾ ഒത്തുചേരുമ്പോൾ അത്യാവശ്യം ചില മര്യാദകൾ/വിട്ടുവീഴ്ചകൾ പാലിക്കാൻ അവർക്ക് ഉത്തരവാദിത്തമുണ്ട്.

# മറ്റൊരാളുടെ സ്വാതന്ത്ര്യത്തിലേക്ക് കൈകടത്തുന്ന ആചാരങ്ങൾ നിയന്ത്രിക്കണം

മതത്തിന്റെ പേരിൽ വിഭജിക്കപ്പെട്ട,
നിരവധി ചോരപ്പുഴകളൊഴുകിയ നാടാണ് നമ്മുടേത്.
**മതങ്ങൾ തമ്മിൽ ആരോഗ്യപരമായ സംവാദങ്ങൾ നടത്തുകയും മുറിവുകൾ ഉണക്കുകയുമായിരുന്നു സ്വാതന്ത്ര്യലബ്ധിക്കുശേഷം ജനക്ഷേമതല്പരരായ ഭരണാധികാരികൾ ചെയ്യേണ്ടിയിരുന്നത്.**
അതിനുവേണ്ടിയായിരുന്നു പഞ്ചവത്സരപദ്ധതികൾ വിഭാവനം ചെയ്യപ്പെടേണ്ടിയിരുന്നത്. പക്ഷേ, ഭിന്നിപ്പിച്ചുഭരിക്കുക എന്നത് ഭരണകർത്താക്കളുടെ എക്കാലത്തെയും ആയുധമായി തുടരുന്നതിനാൽ ഒരുമിക്കേണ്ടത്, പ്രശ്നങ്ങൾ പരിഹരിക്കേണ്ടത്, ജനങ്ങളുടെ ആവശ്യമാണ്.

# വെറുപ്പ് വെച്ചുപുലർത്തരുത്, വളർത്തരുത്, ഒരിക്കലും.

# ദൈവം

**ദൈവമുണ്ടോ ഇല്ലയോ എന്നതിനേക്കാൾ പ്രധാനം നാം എന്തുചെയ്യുന്നു, എന്ത് ചെയ്യാതിരിക്കുന്നു എന്നതാണ്.**

പ്രപഞ്ചത്തിലെ ഓരോ ജീവനും ജീവനില്ലാത്തതും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പ്രപഞ്ചത്തിന് ചില നിയമങ്ങളുണ്ട്. അതനുസരിച്ച് ജീവിക്കുന്നത് നല്ലത്.

## പ്രാർത്ഥന നല്ലതാണ്, പക്ഷെ, പ്രവർത്തി പ്രധാനമാണ്.

രക്ഷകനായ ദൈവത്തെ വെളിയിൽ സങ്കൽപ്പിക്കുന്നത് അടിമത്തത്തിന്റെ അടിത്തറയാണ്.

ദൈവം മനുഷ്യരിലൂടെ പ്രവർത്തിക്കുന്നു.

ദൈവം സത്യമാണ്.
അത് അകത്തും പുറത്തും എല്ലാം ഉണ്ട്.

വിഗ്രഹങ്ങളും പുസ്തകങ്ങളും ആചാരങ്ങളും
ഒരിക്കലും സത്യത്തെ മറയ്ക്കരുത്.

ദൈവത്തോട് ഏറ്റവും അടുത്തുനിൽക്കുന്ന
മനുഷ്യരൂപം കുട്ടികളാണ്.

ദയ ഇല്ലാതെ ദൈവമില്ല.

# <u>ആത്മീയത</u>

ആത്മീയത അന്വേഷിക്കുന്ന ആളാണ് നിങ്ങൾ എങ്കിൽ നിങ്ങൾ സമൂഹത്തിലെ ഭാഗ്യം ചെയ്ത ചുരുക്കം ചിലരിൽപെടുന്നു. എന്നാൽ ശരിയായ കർമ്മങ്ങൾ അനുഷ്ഠിക്കുന്ന സാധാരണക്കാർ ആണ് ആത്മീയത ജീവിതത്തിൽ പ്രാവർത്തികമാക്കുന്നത്.

**വിശന്നു ഭക്ഷണം കഴിക്കുകയും ഉള്ളത് ഇല്ലാത്തവരുമായി പങ്കിടുകയും ചെയ്യുന്നതിലുപരി ആത്മീയത ഇല്ലെന്നുതന്നെ പറയാം.**

അഹിംസ എന്ന ആശയം ഭക്ഷണത്തിൽ മാത്രമല്ല, ജീവിതത്തിലെ ഓരോ ചലനത്തിലും തീരുമാനത്തിലും നമ്മെ നയിക്കുന്നത് നന്നായിരിക്കും.

# തനിയെ  മോക്ഷം തേടരുത്

# ഞാൻ എന്ന ഭാവം(ego)

ഞാൻ എന്ന ഭാവം(ego) ഇല്ലാതാക്കണം
എന്നാണ് പൊതുധാരണ. എന്നാൽ

**അത് എല്ലാവരെയും എല്ലാറ്റിനെയും ഉൾക്കൊള്ളുന്നതരത്തിൽ വികസിപ്പിക്കുകയാണുവേണ്ടത്.**

ശരിയായ ദൈവചിന്ത അത്തരം ഒരു (ego) ആണ്.

നിസ്വാർത്ഥരായിരിക്കുക എന്ന് പലരും പറയും,
പക്ഷേ, വലിയ സ്വാർത്ഥരാവുക എന്ന് ഞാൻ പറയും.

# “ഞാൻ” എന്നത് “നമ്മൾ” എന്നതിലേക്ക് വളർത്തുക...

സാഹോദര്യം മികച്ചതാണെന്ന് നാം കരുതുന്നു.
**എന്നാൽ “എല്ലാം ഞാൻ തന്നെ” എന്ന ബോധ്യമാണ് അതിലും ഉചിതം.**

# തീവ്രവാദം

അവരവരുടെ ശരികളിലെ വിയോജിപ്പുകൾ പറഞ്ഞുതീർക്കാൻ ഇടങ്ങളൊരുക്കിയാൽ തീവ്രവാദം അക്രമങ്ങളിലേക്ക് തിരിയില്ല എന്നുകരുതുന്നു. എത്ര തീവ്രനിലപാടുകളായാലും കേൾക്കേണ്ടതുണ്ട്.

**വ്യത്യസ്ത ആശയങ്ങളുള്ള മനുഷ്യരുടെ ആരോഗ്യപരമായ സംവാദത്തിന് അഹിംസ സഹായിക്കും.**

# ഹിംസ - അഹിംസ

അഹിംസ എന്നത് ഭീരുത്വമല്ല.
ചെയ്യേണ്ടത് ചെയ്യാതിരിക്കലല്ല.

## ഹിംസ തടയുന്നത് അഹിംസയാണ്.

**തെറ്റുകളെ തിരുത്തുന്നത് (എതിർക്കാതെ) അഹിംസ.**
**തിരുത്താൻ കഴിയില്ലെങ്കിൽ നിസ്സഹകരിക്കുക.**

# സമരങ്ങൾ

ശരിയായ വഴികൾ കാണിച്ചുകൊടുത്തുകൊണ്ട്
തെറ്റുകളെ എതിർക്കാൻ/ മറികടക്കാൻ കഴിയുന്നതാണ്
കലാപരമായ സമരം.

**ഒറ്റമരം കാടല്ല എന്നതുപോലെ
ഒറ്റപ്പെട്ട സമരങ്ങൾ ഒത്തുചേരേണ്ടതാണ്.**

ജീവിതം തന്നെ സമരമാണ്.

# ചില പ്രധാന  രാഷ്ട്രീയപാഠങ്ങൾ

പ്ലാച്ചിമട
നർമദ
എൻഡോസൾഫാൻ
ഭോപ്പാൽ
കൂടംകുളം
മാലിന്യപ്രശ്നങ്ങൾ

# ചില ഭരണതന്ത്രങ്ങൾ

> ഭിന്നിപ്പിച്ചുഭരിക്കുക.
> അശാന്തിവിതച്ച് ആയുധം വിൽക്കുക.

> രോഗം വിതച്ച് മരുന്ന് നൽകുക.

> അസമത്വം സൃഷ്ടിച്ച് കള്ളനും പോലീസും കളിക്കുക.

> പലവിധത്തിൽ ജനത്തെ മയക്കിക്കിടത്തുക.

> ഒരു പ്രശ്നത്തിൽ നിന്നും ജനശ്രദ്ധതിരിക്കാൻ അതിനേക്കാൾ വലിയ പ്രശ്നം കൊണ്ടുവരിക.

> പ്രശ്നം പരിഹരിക്കുന്നവരെന്ന വിവിധ മുഖംമൂടികൾ.

>ചാരിറ്റി.

# പ്രധാനകാര്യങ്ങൾ ഒറ്റനോട്ടത്തിൽ:

> അവൻ-അവൾ, കറുപ്പ്-വെളുപ്പ്, ഇരുട്ട്-വെളിച്ചം, ഉയരം-താഴ്ച- ബാലൻസാണ് സത്യം. വൈവിധ്യമാണ് സൗന്ദര്യം.

> ശീലങ്ങൾ സൂക്ഷിക്കുക: വൃത്തി, വെളിച്ചം, ശരി-തെറ്റ് etc.

> ആശുപത്രി/മരുന്ന് ആരോഗ്യലക്ഷണമല്ല

> പട്ടാളം/ആയുധങ്ങൾ സമാധാനലക്ഷണമല്ല

> ശക്തമായ രാജ്യം സ്വാതന്ത്ര്യലക്ഷണമല്ല.

> പങ്കുവെക്കുന്നത് പുതുതായി നിർമ്മിക്കുന്നതിനേക്കാൾനല്ലതാണ്.

> തിരക്ക് സൂക്ഷിക്കുക. ഭയം, വെറുപ്പ് ഇവ വിതക്കുന്നവരെയും.

# അധികവായനയ്ക്ക്:

**ഹിന്ദ് സ്വരാജ്**
- മഹാത്മാ ഗാന്ധി

**അൺ ടു ദിസ് ലാസ്റ്റ്**
- ജോൺ റസ്കിൻ

**ദി കിങ്ഡം ഓഫ് ഗോഡ് ഇസ് വിതിൻ യു**
- ലിയോ ടോൾസ്റ്റോയ്

**സിവിൽ ഡിസോബീഡിയൻസ്**
- ഹെൻറി ഡേവിഡ് തോറോ

മനസ്സിന്റെ സാധാരണത്വമത്രെ മാർഗ്ഗം
- സെൻ കഥ, പി എൻ ദാസ്.

മഴയിൽ നനയുക, വെയിലിൽ കുളിക്കുക
-നൽവാഴ്വ് രാമകൃഷ്ണൻ, തിരുനെൽവേലി.
-

അറിഞ്ഞതിൽനിന്നും മോചനം
- ജെ കൃഷ്ണമൂർത്തി

അവസാനത്തെ ദീപവും അണയുമ്പോൾ
ചന്ദ്രിക ആസ്വദിക്കാം: ടാഗോർ, ഗീതാഞ്ജലി.

മനുഷ്യർ ചിന്തിക്കുന്നത് ചെയ്യുന്നു. അതിനാൽ
ചിന്തകളിൽ വ്യക്തത വരുത്തുക – വിനീഷ് ഗുപ്ത

# എഴുത്തുകാരനെക്കുറിച്ച്


1978 ജൂൺ 2 ന് തൃശൂരിൽ ജനനം. വളർന്നത് മലപ്പുറം ജില്ലയിലെ വളാഞ്ചേരിയിൽ. അറിയപ്പെടുന്ന പേര് 'സുബിദ് അഹിംസ'. മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നും ബിടെക് ബിരുദവും ഐ ഐ ടി ഡൽഹിയിൽ നിന്നും പ്രൊഡക്ട് ഡിസൈനിൽ ബിരുദാനന്തരബിരുദവും നേടിയ ശേഷം 'ഒന്നും ചെയ്യാത്ത ജീവിതം', പ്രകൃതിജീവനം തുടങ്ങി പലവിധ ജീവിതാന്വേഷണങ്ങൾ. പ്ലാച്ചിമട, നർമദ തുടങ്ങി പലവിധ ജനകീയസമരങ്ങളുടെ ഭാഗം, ജയിൽവാസം. ജീവിതം നഷ്ടപ്പെട്ട അവസ്ഥയിൽ നിന്നും തിരിച്ചെത്തിയത് കുട്ടികളിലൂടെ. "പാഴാക്കുന്ന" വസ്തുക്കളിൽ നിന്നും കളിപ്പാട്ടങ്ങൾ നിർമ്മിക്കുന്ന കലയിലൂടെ പ്രശസ്തനായ പദ്മശ്രീ അരവിന്ദ് ഗുപ്തയുടെ ശിഷ്യനായി കേരളത്തിലും തമിഴ്നാട്ടിലും പുറത്തുമായി അറുനൂറിലധികം കളിപ്പാട്ടനിർമ്മാണ ശില്പശാലകൾ. മാലിന്യത്തോടുള്ള കാഴ്ചപ്പാടുമാറ്റുന്നതുകൊണ്ട് (ഹിംസയിൽ നിന്ന് അഹിംസയിലേക്ക്) കളിപ്പാട്ടങ്ങൾക്ക് "അഹിംസ" എന്ന പേര് നൽകി. കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച "നമ്മുടെ കളിപ്പാട്ടങ്ങൾ നമുക്ക് നിർമ്മിക്കാം" എന്ന പുസ്തകത്തിന്റെ രചയിതാവാണ്. കുട്ടികളുടെ ബിനാലെയിൽ തുടർച്ചയായി രണ്ട് പ്രാവശ്യം പ്രവർത്തിച്ചു. സ്വന്തമായി ഇടങ്ങളില്ലാതെ ജീവിക്കുന്നു.

Phone: 9496523851

https://www.facebook.com/mythoughtssubid

E mail: subid.ahimsa@gmail.com

നിങ്ങൾക്ക് വിശ്വസിക്കാനുള്ള അവകാശമുള്ളത്
പോലെ, ഞങ്ങൾക്ക് വിശ്വസിക്കാതിരിക്കാനുള്ള
അവകാശവുമുണ്ട്...



പ്രത്യേകിച്ചും ആ വിശ്വാസം
നിങ്ങളുടെ ആഡംബരജീവിതത്തിനും
ഞങ്ങളുടെ സാധാരണജീവിതം
ഇല്ലാതാക്കുന്നതിനും ആവുമ്പോൾ....

